പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1796 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ജയിംസ് മാത്യു** | **ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കാൻ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അങ്കണവാടി ജീവനക്കാരുടെ ക്ഷേമത്തിനായി 2015 ലെ കേരള അങ്കണവാടി വർക്കർമാരുടെയുംഅങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കൂടാതെ അങ്കണവാടി ജീവനക്കാരുടെ നിയമന സേവന വ്യവസ്ഥയിൽ പരിഷ്കരണം വരുത്തുന്നതിനായി സമഗ്രമായ ഒരു ചട്ടം തയ്യാറാക്കുന്നതിനുള്ള നടപടി സാമൂഹ്യനീതി ഡയറക്ടർ തലത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2000/- രൂപയിൽ നിന്നും 2600/- രൂപയായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിഹിതം 100/-രൂപയിൽ നിന്ന് 1000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) മാതൃകാ അംഗൻവാടികളിൽ കുട്ടികളെ ആകർഷിക്കാവുന്ന ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അങ്കണവാടി സേവനം കൂടാതെ കലാപരമായ പരിശീലനവും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് മത്സരപരീക്ഷാ പരിശീലനം, ബോധവത്കരണ ക്ലാസ്സുകൾ, ലൈബ്രറി - ഇന്റർനെറ്റ് സൗകര്യം, മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുമുള്ള സൗകര്യം, ഹെൽത്ത് ചെക്കപ്പ്, കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനങ്ങൾ എന്നിവ മാതൃകാ അങ്കണവാടി മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ